സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള പോളിടെക്നിക്കുകളിൽ ഒഴിവുള്ള സീറ്റുകളിലേക്കുള്ള സ്പോട്ട് അഡ്മിഷൻ അതാത് ജില്ലകളിലെ നോഡൽ പോളിടെക്നിക്കുകളിൽ വച്ച് സ്ട്രീം ഒന്നിന്റെ ജൂലൈ 9 രാവിലെ 8 മണി മുതലും സ്ട്രീം രണ്ടിന്റെ ജൂലൈ 10 രാവിലെ 8 മണി മുതലും നടത്തുന്നതാണ്.

## സ്പോട്ട് അഡ്മിഷൻ സംബന്ധിച്ചുള്ള പൊതു അറിയിപ്പ്

1. നിലവിലെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഇതുവരെ പ്രവേശനം ലഭിക്കാത്തവർക്കും സ്ഥാപനങ്ങളിൽ പ്രവേശനം നേടിയവർക്കും സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാവുന്നതാണ്.

2. എന്നാൽ നിലവിൽ ഏതെങ്കിലും അലോട്ട്മെന്റിൽ ഒന്നാം ഓപ്ഷൻ ലഭിക്കുകയും എന്നാൽ അഡ്മിഷൻ എടുക്കാതിരിക്കുകയും ചെയ്തവർക്ക് സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാൻ സാധിക്കുന്നതല്ല. കൂടാതെ 500 രൂപ അടച്ചു രജിസ്റ്റർ ചെയ്യുകയും എന്നാൽ മൂന്നാമത്തെ അലോട്ടുമെന്റിൽ അഡ്മിഷൻ എടുക്കാതിരിക്കുകയും ചെയ്തവർക്ക് സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാൻ സാധിക്കുന്നതല്ല.

3. **സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ നിർബന്ധമായും www.polyadmission.org എന്ന വെബ് സൈറ്റിൽ ഓൺലൈൻ ആയി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. അതിനായി ജൂലൈ 7 നും ജൂലൈ 8 വൈകിട്ട് 3 മണി വരെയും വെബ് സൈറ്റിൽ അവസരം ഉണ്ടായിരിക്കുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്പോട്ട് അഡ്മിഷന് വെബ് സൈറ്റിൽ പേര് രജിസ്റ്റർ ചെയ്യാത്തവരെ ഒരു കാരണവശാലും സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാൻ അനുവദിക്കുന്നതല്ല.** ഒരു അപേക്ഷകന് ഒരേ സമയം ഒന്നിൽ കൂടുതൽ ജില്ലകളിലേക്കുള്ള സ്പോട്ട് അഡ്മിഷനു വേണ്ടി ഓൺലൈൻ ആയി രജിസ്റ്റർ ചെയ്യാവുന്നതാണ്. ഓരോ ജില്ലക്കും പ്രത്യേകം രജിസ്ട്രേഷൻ നടത്തേണ്ടതാണ്.

4. ജില്ല തിരിച്ചുള്ള സ്പോട് അഡ്മിഷന് രജിസ്റ്റർ ചെയ്തവരുടെ റാങ്ക് ലിസ്റ്റ് 08-07-2019 4 മണിക്ക് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. ഓരോ ജില്ലയിലും സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാവുന്നവരുടെ റാങ്ക് വിവരങ്ങൾ 08-07-2019 5 മണിക്ക് വെബ് സൈറ്റിൽ ലഭ്യമാക്കുന്നതാണ്.

5. സ്ട്രീം ഒന്നിലെ (എഞ്ചിനീയറിംഗ്) സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാവുന്നവരുടെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർ 09-07-2019 രാവിലെ 8

മണിക്ക് പ്രസ്തുത ജില്ലയിലെ നോഡൽ പോളിടെക്നിക്കിൽ ഹാജരാകേണ്ടതാണ്. സ്ട്രീം രണ്ടിലെ (നോൺ എഞ്ചിനീയറിംഗ്) സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാവുന്നവരുടെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർ 10-07-2019 രാവിലെ 8 മണിക്ക് പ്രസ്തുത ജില്ലയിലെ നോഡൽ പോളിടെക്നിക്കിൽ ഹാജരാകേണ്ടതാണ്.

6. അപേക്ഷകന്റെ പ്രോക്സി ആയി സ്പോട്ട് അഡ്മിഷന് ഹാജരാകുന്ന ആൾ Authorisation Letter ഉം (Annexure XVI) ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും ഹാജരാക്കേണ്ടതാണ്. അഡ്മിഷൻ ലഭിക്കുന്ന പക്ഷം യഥാർത്ഥ സർട്ടിഫിക്കറ്റുകൾ തൊട്ടടുത്ത ദിവസം തന്നെ ഹാജരാക്കേണ്ടതാണ്. ഒന്നിൽ കൂടുതൽ ജില്ലകളിൽ അഡ്മിഷൻ എടുക്കുന്നവരുടെ അവസാനം എടുത്ത അഡ്മിഷൻ ആയിരിക്കും നിലനിൽക്കുക. ഒരു സ്ഥലത്തു അഡ്മിഷൻ എടുക്കുമ്പോൾ അതിനുമുൻപ് എടുത്ത അഡ്മിഷൻ ക്യാൻസൽ ആകുന്നതാണ്. ആയതിനാൽ അഡ്മിഷൻ എടുക്കുന്നതിനു മുൻപ് പ്രോക്സിയുമായി ബന്ധപെട്ടു ഉറപ്പുവരുത്തേണ്ടത് അപേക്ഷകന്റെ ഉത്തരവാദിത്വം ആണ്.

7. അപേക്ഷകർക്ക് നിലവിൽ സമർപ്പിച്ചിട്ടുള്ള ഓപ്ഷനുകൾക്കു പുറമേ അഡ്മിഷൻ സമയത്തു ലഭ്യമായ മറ്റു ഓപ്ഷനുകളും സ്വീകരിക്കാവുന്നതാണ്. സ്പോട്ട് അഡ്മിഷനിൽ ഓപ്ഷനുകളുടെ ക്രമം പരിഗണിക്കുന്നതല്ല.

8. സ്പോട്ട് അഡ്മിഷനിൽ അലോട്ട്മെന്റ് ലഭിക്കുന്നവർ അപ്പോൾ തന്നെ അസ്സൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കി ഫീസ് അടച്ചു പ്രവേശനം നേടേണ്ടതാണ്. (പ്രോക്സി അപേക്ഷകർക്ക് യഥാർത്ഥ സർട്ടിഫിക്കറ്റുകൾ ഹാജരാക്കാൻ തൊട്ടടുത്ത ദിവസം വരെ സമയം നൽകുന്നതാണ്. ഫീസ് അപ്പോൾത്തന്നെ അടക്കേണ്ടതാണ്). ഇത്തരത്തിൽ പ്രവേശനം നേടാത്തവരുടെ അഡ്മിഷൻ റദ്ദാകുന്നതും പ്രസ്തുത അഡ്മിഷൻ തൊട്ടടുത്ത റാങ്കുള്ള അപേക്ഷകന് നൽകുന്നതുമായിരിക്കും. നിലവിൽ പോളിടെക്നിക്കുകളിൽ പ്രവേശനം നേടിയവർ അഡ്മിഷനുമായി ബന്ധപ്പെട്ട് പോളിടെക്നിക്കുകളിൽ നിന്നും നൽകിയ രേഖകൾ ഹാജരാക്കിയാൽ മതിയാകും. നിലവിൽ മറ്റു കോളേജുകളിൽ/ സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്ക് ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് (TC) ഹാജരാക്കാൻ 3 ദിവസം അനുവദിക്കുന്നതാണ് .